# കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

## 1962–2014

# കേരള ശാസ്ത്രസാഹിത്യ പരിഷത്തിന് 51 വയസ്സ്.

- കേരളത്തിലെ ജനകീയശാസ്ത്രപ്രസ്ഥാനത്തിന് 56 വയസ്സ്.
- ഇന്ത്യയിലെ ശാസ്ത്രപ്രസ്ഥാനങ്ങളുടെ ചരിത്രം 1876ൽ ആരംഭിക്കുന്നു.
- ഡോ.മഹേന്ദ്രലാൽ സർക്കാരിന്റെ നേതൃത്വത്തിൽ ബംഗാളിൽ Indian Association for the Cultivation of Science (1876 ജൂലൈ 19ന്).
- സത്യേന്ദ്രനാഥ് ബോസ് മുൻകയ്യെടുത്ത് 1947-ൽ ബംഗീയവിജ്ഞാൻ പരിഷത്ത്.

# ബംഗീയവിജ്ഞാൻ പരിഷത്തിന്റെ ലക്ഷ്യങ്ങൾ :

- ജനങ്ങളിൽ ശാസ്ത്രീയകാഴ്ചപ്പാട് സൃഷ്ടിക്കുക.
- ശാസ്ത്രീയമായ ഉള്ളടക്കമുള്ള സ്കൂൾ, കോളേജ് പാഠ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക.
- ശാസ്ത്രസംബന്ധിയായ പുസ്തകങ്ങൾ പ്രസിദ്ധീകരി ക്കുക.
- ശാസ്ത്രീയവിജ്ഞാനം കൊണ്ട് സാമാന്യസാഹിത്യ ത്തെയും ബാലസാഹിത്യത്തെയും സമ്പുഷ്ടമാക്കുക.
- ബംഗാളിയിൽ ശാസ്ത്രം പ്രചരിപ്പിക്കുന്നതിന് സമ്മേളന ങ്ങളും സെമിനാറുകളും സംഘടിപ്പിക്കുക.

# 50കളിലും 60കളിലും വെറെയും സംഘടനകൾ

- ഒറീസ്സ വിജ്ഞാൻ പ്രചാരസഭ, ആസ്സാം സയൻസ് സൊസൈറ്റി... തുടങ്ങിയവ.

# കേരളത്തിൽ...

- 1952–ൽ എൻ.വി.കൃഷ്ണവാരിയർ ശാസ്ത്രസാഹിത്യവികസനത്തിന് ഒരു പഞ്ചവത്സരപദ്ധതി മുന്നോട്ടു വച്ചു.
- 1957ൽ ഒറ്റപ്പാലത്ത് ശാസ്ത്രസാഹിത്യ സമിതി.
  - പി.കെ.കോരുമാസ്റ്റർ പ്രസിഡണ്ട്
  - ഒ.പി.നമ്പൂതിരിപ്പാട് സെക്രട്ടറി.
- ആധുനികശാസ്ത്രം എന്ന പുസ്തകം പ്രസിദ്ധീകരിച്ചു.
- വലിയ ലക്ഷ്യങ്ങൾ. ഒരു വർഷം കഴിഞ്ഞപ്പോൾ പി.ടി.ബി തിരുവനന്തപുരത്തേക്ക്.
- സമിതി നിർജീവമായി.

# 57ന്റെ പ്രാധാന്യം

- സോവിയറ്റ് യൂണിയൻ സ്പുട്നിക് വിക്ഷേപിച്ചു.
- ഇന്ത്യയ്ക്ക് ഒരു ദേശീയ ശാസ്ത്രനയം ഉണ്ടായി.

# പരിഷത്തിന്റെ തുടക്കം.

- 1962 സെപ്തംബർ 10 – കോഴിക്കോട് സെന്റ് ജോസഫ് കോളേജ് ഓഡിറ്റോറിയത്തിൽ പരിഷത്തിന്റെ തുടക്കം.
- ഉദ്ഘാടനം കോളേജ് പ്രിൻസിപ്പാൾ റവ.ഫാദർ തിയോ ഡോഷ്യസ്.
- പ്രസിഡണ്ട് ഡോ.കെ.ഭാസ്കരൻനായർ<br>സെക്രട്ടറി ഡോ.കെ.ജി.അടിയോടി<br>ട്രഷറർ എൻ.വി.കൃഷ്ണവാരിയർ.

# ലക്ഷ്യം :

- ശാസ്ത്രസാഹിത്യരചന, പ്രചാരണം
- ശാസ്ത്രസാഹിത്യകാരന്മാർക്ക് സാമൂഹികാംഗീകാരം നേടുക

# പരിഷത്തിന്റെ രൂപീകരണവും വളർച്ചയും – 1. സാമൂഹികകാരണങ്ങൾ

- ഭാഷാപ്രവിശ്യകൾ എന്ന മുദ്രാവാക്യം 1930കളിൽ ദേശീയ പ്രസ്ഥാനം മുന്നോട്ടുവച്ചിരുന്നു.
- അതിന്റെ തുടർച്ചയാണ് നാട്ടുഭാഷകളിലൂടെ ശാസ്ത്രം കൈകാര്യം ചെയ്യുക എന്ന ആവശ്യം.
- ഇത് ഗതാനുഗതികത്വത്തിനെതിരായ ഒരു വെല്ലുവിളി കൂടിയാണ്.
- നാടുവാഴിത്തകാലത്ത് വിജ്ഞാനഭാഷ **സംസ്കൃതം.**
- ബ്രിട്ടീഷ് സാമ്രാജ്യത്വാധിനിവേശകാലത്ത് **ഇംഗ്ലീഷ്.**
- സ്വതന്ത്ര ജനാധിപത്യസംവിധാനത്തിൽ **നാട്ടുഭാഷ.**
- പ്രബുദ്ധതയുടെ, ജനാധിപത്യബോധത്തിന്റെ പ്രതിഫലനമായിരുന്നു ഈ ആവശ്യം – ഇതിനോടുള്ള പ്രതികരണമാണ് ശാസ്ത്ര പ്രസ്ഥാനം.

## 2. സാമൂഹിക-സാംസ്കാരികാന്തരീക്ഷം

- നവോത്ഥാനം പാകപ്പെടുത്തിയ കേരളത്തിന്റെ മണ്ണ്.
- അയിത്തോച്ചാടനം, ക്ഷേത്രപ്രവേശനസമരങ്ങൾ, ശ്രീനാരായണൻ, അയ്യങ്കാളി, സഹോദരൻ അയ്യപ്പൻ (ശാസ്ത്രദശകം).
- യുക്തിവാദപ്രസ്ഥാനം, ഗ്രന്ഥശാലാപ്രസ്ഥാനം (1946), കർഷകപ്രസ്ഥാനം, അധ്യാപകപ്രസ്ഥാനം.
- ഉയർന്ന സാക്ഷരത - 1951ൽ 51%

- ഒന്നാമത്തെ സാഹചര്യം ഇന്ത്യയിൽ മുഴുവനുണ്ട് – അതുകൊണ്ട് പ്രസ്ഥാനങ്ങൾ ഉണ്ടാവുന്നു. വളരാനും ശക്തിപ്പെടാനും രണ്ടാമത്തെ സാഹചര്യം വേണം. അതില്ലാത്തതുകൊണ്ട് ശാസ്ത്രപ്രസ്ഥാനങ്ങളുടെ വളർച്ച മന്ദഗതിയിൽ – സാഹചര്യം ബോധപൂർവം ഉണ്ടാക്കണം.

# ആദ്യഘട്ടത്തിലെ പ്രവർത്തനങ്ങൾ


- ശാസ്ത്രക്ലാസുകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ.
- അംഗത്വം ശാസ്ത്രസാഹിത്യകാരന്മാർക്ക് മാത്രം.
- 1966-ൽ പി.ടി.ബി ജനറൽ സെക്രട്ടറി. ശാസ്ത്രതൽപരർക്കെല്ലാം അംഗത്വം.
- 1967 മെയ് മാസത്തിൽ 4-ാം വാർഷികത്തിൽ ഭരണഘടന അംഗീകരിച്ചു. വി.സി.നായരാണ് ഭരണഘടന എഴുതി ഉണ്ടാക്കിയത്.
- 1967 ജൂലായ് 14ന് രജിസ്റ്റർ ചെയ്തു.
- 1966-ൽ ശാസ്ത്രസാഹിത്യപരിഷത്ത് ബോംബെ രൂപം കൊണ്ടു.

  എം.പി.പരമേശ്വരൻ പ്രസിഡണ്ട്

  വി.സി.നായർ സെക്രട്ടറി.

- വിവിധ ഭാഷക്കാർ - വ്യത്യസ്ത സംഘടനകൾ ഉണ്ടാക്കി
- FILSA ഫെഡറേഷൻ ഓഫ് ഇന്ത്യൻ ലാംഗ്വേജ് സയൻസ് അസോസിയേഷൻസ് - AIPSN ന്റെ മുൻഗാമി- ശാസ്ത്രകാരന്മാർക്ക് പ്രാമുഖ്യം
- 1967 സെപ്തംബർ 14, 15 തിരുവനന്തപുരത്ത് അഞ്ചാം സമ്മേളനം - ശാസ്ത്രപ്രചാരണം മുഖ്യകടമയായി അംഗീകരിച്ചു.
- 1968-ൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആരംഭം. ഇൻസ്റ്റിറ്റ്യൂട്ടും പരിഷത്തും ചേർന്നുകൊ ുള്ള പ്രവർത്തനങ്ങൾ.
- 1969-ൽ ഷൊർണൂർ സമ്മേളനം - ശാസ്ത്രം ജനമധ്യത്തിലേക്ക്.

# വിശ്വമാനവൻ



- 1971-ൽ എംബ്ലം അംഗീകരിച്ചു.
- ഭൂമിയിൽ കാലുറപ്പിച്ചുനിന്ന് അനന്തവും അജ്ഞാതവുമായ ചക്രവാളങ്ങളിലേക്ക് കണ്ണുനട്ടിരിക്കുന്ന ആധുനികമനുഷ്യൻ. സൃഷ്ടിപരമായും സംഹാരാത്മകമായും ഉപയോഗിക്കാവുന്ന അണുശക്തിയെ സൂചിപ്പിച്ചുകൊണ്ട് മുകളിൽ അണുവിന്റെ മാതൃക.
- കോഴിക്കോട് RECയിലെ അധ്യാപകൻ ടി.എസ്.ബാലഗോപാലാണ് തയ്യാറാക്കിയത്.


# 1972 ലെ ജാഥകൾ

- 1972-ൽ തിരുവല്ല സമ്മേളനം.
- 3 ജാഥകൾ തിരുവല്ലയിലേയ്ക്ക് -
- കോഴിക്കോട് - ഷൊർണൂർ - തിരുവനന്തപുരം (വാഹനജാഥ).

# ശാസ്ത്രം സാമൂഹ്യവിപ്ലവത്തിന്

- 1973 ജനുവരി 1-7 - ശാസ്ത്രക്ലാസുകൾ - പ്രപഞ്ചത്തിന്റെ വികാസം, മനുഷ്യന്റെ വികാസം, ശാസ്ത്രത്തിന്റെ വികാസം - 1000 ക്ലാസുകൾ തീരുമാനിച്ചു. 1208 ക്ലാസുകൾ നടന്നു.
- 1973 ഡിസംബറിൽ 11-ാം വാർഷികം തിരുവനന്തപുരത്ത് - അഖിലേന്ത്യാശാസ്ത്രസമ്മേളനം.
- ഡോ.കെ.ആർ.ഭട്ടാചാര്യ (ഇടകണ്ഠ വർക്കേഴ്സ് അസോസിയേഷൻ പ്രസിഡണ്ട്)യുടെ ലേഖനം. ശാസ്ത്രം സാമൂഹ്യവിപ്ലവത്തിന്.
- പരിഷത്തിനെ പ്രതിനിധീകരിച്ച് എൻ.വി.കൃഷ്ണവാരിയർ സംസാരിച്ചു.
- സമ്മേളനം പരിഷത്തിന്റെ മുദ്രാവാക്യം - **ശാസ്ത്രം സാമൂഹ്യവിപ്ലവത്തിന്** - അംഗീകരിച്ചു.

# ജെ.ഡി.ബർണൽ-എംഗൽസ്-ഗോൾഡൻചൈൽഡ്




- ജെ.ഡി. ബർണലിന്റെ സ്വാധീനം – ശാസ്ത്രം ചരിത്രത്തിൽ, ശാസ്ത്രത്തിന്റെ സാമൂഹിക ധർമം – ഏംഗൽസിന്റെ വാനരനിൽ നിന്ന് നരനിലേക്കുള്ള പരിവർത്തനത്തിൽ അധ്വാനത്തിന്റെ പങ്ക് – ഗോർഡൻ ചൈൽഡിന്റെ സമൂഹവും അറിവും.

# ശാസ്ത്രം സാമൂഹ്യവിപ്ലവത്തിന്

## മുദ്രാവാക്യം

- ഇന്ത്യൻ സമൂഹം – ദരിദ്രരും ധനികരും.
- ദരിദ്രവൽക്കരണം തുടർച്ചയായി നടക്കുന്നു – ബഹുഭൂരിപക്ഷത്തിന്റെ ചെലവിൽ ന്യൂനപക്ഷം ധനിക വൽകരിക്കപ്പെടുന്നു – ഈ പ്രക്രിയ കീഴ്മേൽ മറിക്കണം – ഇതാണ് സാമൂഹ്യവിപ്ലവം.
- അതിൽ ശാസ്ത്രത്തിന്റെ പങ്ക് നിർണായകമാകും. സാമാന്യജനത്തിന്റെ കയ്യിൽ ശാസ്ത്രം എത്തിക്കണം. അതവരുടെ ആയുധമാകണം.
- സാമൂഹ്യവിപ്ലവം – അവ്യക്തധാരണകൾ മാത്രം, ഉടൻ നേടാമെന്ന ചിന്ത – സോവിയറ്റ് യൂണിയൻ പ്രചോദനം – ദരിദ്രവൽകരിക്കപ്പെടുന്നവരോടുള്ള പക്ഷപാതിത്തത്തിന്റെ തുറന്ന പ്രഖ്യാപനം.
- പുസ്തകങ്ങളിലെ വിജ്ഞാനം പ്രചരിപ്പിച്ചാൽ പോര – അത് ജനജീവിതം മെച്ചപ്പെടുന്നതിന് ഉപയോഗിക്കണം – ഉൽപാദനപ്രവർത്തനങ്ങളിൽ ഇടപെടണം – ശാസ്ത്രസാങ്കേതികവിദ്യകളുടെ നേട്ടങ്ങൾ ഉപയോഗപ്പെടുത്താൻ ഗ്രാമീണരെ സഹായിക്കണം.

# ഗ്രാമശാസ്ത്രസമിതി - പീച്ചിക്യാമ്പ്

- ഗ്രാമശാസ്ത്രസമിതികൾ രൂപം കൊള്ളുന്നു - ഗ്രാമതല വികസന ആസൂത്രണ സമിതികൾ എന്ന സങ്കല്പം
- 1975 മെയ് 9-11 പീച്ചിക്യാമ്പ് - പരിഷത്ത് ചരിത്രത്തിലെ നാഴികക്കല്ല്.
- ആശയപരവും പ്രവർത്തനപരവുമായ ചർച്ചകൾ.
- പരിഷത്ത് ശാസ്ത്രകാരന്മാരുടെ സംഘടനയായി തുടർന്നാൽ മതിയെന്ന് കെ.ജി.അടിയോടി. സമൂഹത്തിൽ ഇറങ്ങുന്നത് രാഷ്ട്രീയപ്രവർത്തനമാണ്. അതാവശ്യമില്ല - അടിയോടി പരിഷത്തിൽ നിന്നകന്നു.

# പാരിഷത്തികത

- കുട്ടികൾക്കുവേണ്ടി ശാസ്ത്രപുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനും 1976 ജനുവരി ശാസ്ത്രമാസമായി ആചരിക്കാനും തീരുമാനം
- പാരിഷത്തികത എന്ന സങ്കല്പനം - ലാളിത്യം, സഹിഷ്ണുത, ശുഭാപ്തിവിശ്വാസം, പഠനത്തിലുള്ള താൽപര്യം, അനൗപചാരികത...

# പ്രവർത്തനമേഖലകൾ വിപുലമാകുന്നു.

- പരിഷത്ത് ബഹുജനപ്രസ്ഥാനമായി മാറുന്നു – കാഴ്ചപ്പാട് മാറുന്നു – പ്രവർത്തനങ്ങളുടെ മാറ്റുരകല്ല് ആയി മുദ്രാവാക്യം മാറുന്നു.

  1963 ഏപ്രിൽ 4ന് ശാസ്ത്രവും യുദ്ധവും, രസതന്ത്രം, ജീവശാസ്ത്രം, മന:ശാസ്ത്രം, യുദ്ധോപകരണങ്ങൾ. ഇറാൻ–ഇറാഖ് യുദ്ധം – യുദ്ധത്തിന്റെ രാഷ്ട്രീയം.

  1963 സെപ്തംബർ 21 വെള്ളം, വെള്ളവും സസ്യശാസ്ത്രവും, വെള്ളവും പുരോഗതിയും, വെള്ളവും സാഹിത്യവും

  2003–ൽ ജലത്തിന്റെ രാഷ്ട്രീയം – നദീസംയോജനം...

- പ്രവർത്തനമേഖലകൾ വിപുലമാകുന്നു.

# അഖിലേന്ത്യാതലത്തിലേക്ക്

- അഖിലേന്ത്യാതലത്തിലേക്ക് വളരുന്നു.
- 1966 FILSA.
- 1978 അഖിലേന്ത്യാസമ്മേളനം തിരുവനന്തപുരത്ത്.
- 20-ൽപരം സംഘടനകൾ. ജനകീയശാസ്ത്രപ്രസ്ഥാനം എന്ന് പദം - കെ.പി.കണ്ണനാണ് നിർദ്ദേശിച്ചത്.
- 1983-ൽ തിരുവനന്തപുരത്ത് രണ്ടാംസമ്മേളനം.
- 1985-ൽ ആദ്യത്തെ അഖിലേന്ത്യാജാഥ.
- 1988-ൽ എ.ഐ.പി.എസ്.എൻ - സാക്ഷരതാപ്രവർത്തനം.
- 1989-ൽ ബി.ജി.വി.എസ്.
- 300-ൽപരം ജില്ലകൾ - 3ലക്ഷത്തിലധികം അംഗങ്ങൾ
- വിദ്യാഭ്യാസം - വികേന്ദ്രീകരണം - വികസനം - ഇടപെടൽരംഗങ്ങൾ

# പരിഷത്ത് പ്രവർത്തനമേഖലകൾ

- 1965ൽ NCERT-യുടെ പാഠ്യപദ്ധതി പരിഷ്കരണം.
- പരിഷത്ത് പ്രവർത്തകർ സ്കൂളിലേയ്ക്ക് –
- ശാസ്ത്രവിദ്യാഭ്യാസത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നു.
- 1969 മധ്യവേനലവധിക്ക് തൃശ്ശൂരിൽ ശാസ്ത്രപോഷണ ക്ലാസ് – 10 ദിവസം സെന്റ് തോമസ് കോളേജിൽ – ഒപ്റ്റിക്സിനെക്കുറിച്ചുള്ള ക്ലാസിൽ ഇ.എം.എസ് കേൾവിക്കാരനായിരുന്നു.
- 1970–ൽ ശാസ്ത്രം പ്രവർത്തനമാണ് എന്ന ആശയം പ്രചരിപ്പിച്ചുതുടങ്ങി.
- 1970–72 സയൻസ് ക്ലബ്ബുകൾക്ക് രൂപം നൽകി. 73ൽ ശാസ്ത്രകേരളം ക്വിസ്, ട്രോഫി.
- 1500ഓളം സയൻസ് ക്ലബുകൾ പരിഷത്തിൽ അഫിലിയേറ്റ് ചെയ്തു.

# വിജ്ഞാനപ്പരീക്ഷകൾ...

- ബിഡ്ജ് കോഴ്സ് - വിജ്ഞാനപരീക്ഷകൾ -
- 74-ൽ വിജ്ഞാനപരീക്ഷ തൃശ്ശൂരിൽ പൈലറ്റ് പ്രോജക്ട്
- 75-ൽ സംസ്ഥാനവ്യാപകം - 91-ൽ വിജ്ഞാനോത്സവം
- 75-ൽ ശാസ്ത്രഗതി വിജ്ഞാനപ്പരീക്ഷ
- അടിയന്തിരാവസ്ഥയിൽ സയൻസ് ക്ലബുകൾ ഔപചാരികസംവിധാനമായി മാറി.
- 76-ൽ 13-ാം വാർഷികത്തിന്റെ ഭാഗമായി വിദ്യാഭ്യാസസെമിനാർ.
- 76-ൽ വാഴത്തോപ്പ് ക്യാമ്പിൽ അനുയോജ്യമായ കരിക്കുലം, സിലബസ്, പാഠപുസ്തം ഉണ്ടാക്കാനുള്ള ശ്രമം.

# വിദ്യാഭ്യാസരംഗത്ത്...

- 1982–ൽ വിദ്യാഭ്യാസരേഖ
- 1984–ൽ വിദ്യാഭ്യാസ അഴിമതി അന്വേഷണ കമ്മീഷൻ – ഡോ. എൻ.പി.പിള്ള ചെയർമാൻ.
- കമ്മീഷൻ നിഗമനങ്ങൾ മാതൃഭൂമി ദിനപത്രം മൂന്നുദിവസങ്ങളി ലായി പ്രസിദ്ധീകരിച്ചു.
- 87ൽ ബാലോത്സവജാഥകൾ – അഖിലേന്ത്യാബാലോത്സവം –
- ദ്വിമുഖസമരമെന്ന ആശയം – പരിസര പഠനക്ലാസുകൾ – മുദ്രാവാക്യം, സഹവാസക്ലാസുകൾ, അധ്യാപകസഹായി നിർമാണം – പഠനം പാൽപായസം, അധ്യാപനം അതിമധുരം.

# അക്ഷരം തൊട്ടുതുടങ്ങാം...

- 1990–91 – സാക്ഷരതായജ്ഞം.
- 1995 നവംബർ 1–18 – നാല് വിദ്യാഭ്യാസജാഥകൾ – തൃശ്ശൂരിൽ സമാപനം – വിദ്യാഭ്യാസകമ്മീഷൻ രൂപീകരണം പ്രഖ്യാപിച്ചു. ഡോ.അശോക് മിത്ര ചെയർമാൻ. ''ഇനി വരുന്ന ഗവൺമെന്റ് പരിഷത്തിന്റെ കമ്മീഷൻ റിപ്പോർട്ട് പരിഗണിക്കണം. സർക്കാർ കമ്മീഷൻ എന്ന നിലയിൽ കരുതി നിർദേശങ്ങൾ നടപ്പിലാക്കണം'' എന്ന് ഇ.എം.എസ്.
- 1996–ൽ ഡി.പി.ഇ.പി – പാഠ്യപദ്ധതി പരിഷ്കരണം.
- പുതിയ പാഠപുസ്തകങ്ങളുടെ നിർമാണം.
- വിദ്യാഭ്യാസരംഗത്തെ സമരങ്ങൾ – ഇടപെടലുകൾ.

# ആരോഗ്യം

- കൊരട്ടിയിലെ യമുനാത്രെഡ് കമ്പനിയുടെ മലിനീകരണം – പരിസരാരോഗ്യസേന
- മെഡിക്കൽ ക്യാമ്പുകൾ
- ജനകീയാരോഗ്യനയം
- ഡോക്ടർ + ആശുപത്രി + മരുന്ന് = ആരോഗ്യം
- ശുദ്ധവായു + ശുദ്ധജലം + പോഷകാഹാരം + വ്യായാമം + രോഗപ്രതിരോധനം
- ആരോഗ്യരേഖ
- ഗ്രാമശാസ്ത്രജാഥകളിലൂടെ ആരോഗ്യനയത്തിന്റെ പ്രചാരണം – ആരോഗ്യമേഖലയുടെ കച്ചവടവൽക്കരണം – ഔഷധവ്യവസായമേഖലയിലെ ബഹുരാഷ്ട്രകുത്തകകളുടെ സ്വാധീനം – ഇന്ത്യൻ വ്യവസായരംഗം

# ജനകീയാരോഗ്യത്തിന്...

- ഭോപ്പാൽ കൂട്ടക്കൊല - ഉൽപന്ന ബഹിഷ്കരണം
- 86-ൽ ഡോക്ടർമാർക്കുവേണ്ടി ഡ്രഗ് ഇൻഫർമേഷൻ പാക്കറ്റ്
- നിരോധിച്ച മരുന്നുകൾ, നിരോധിക്കേണ്ട മരുന്നുകൾ, അവശ്യമരുന്നുകൾ - പുസ്തകം - ദേശീയാരോഗ്യശിബിരം
- 87-ൽ ആരോഗ്യസർവ്വെ സാമ്പിളുകളുടെ എണ്ണം - ശാസ്ത്രീയത - സമഗ്രത
- 88-ൽ ഹാത്തികമ്മിറ്റി റിപ്പോർട്ടിന്റെ പ്രസിദ്ധീകരണം
- 89-ൽ മെഡിക്കോ ഫ്രണ്ട്സ് സർക്കിളിന്റെ അഖിലേന്ത്യാസമ്മേളനം ആലുവയിൽ - വടഅ
- സ്വാശ്രയജാഥ - പേറ്റന്റ് പ്രശ്നം - ആഗോളീകരണവിരുദ്ധപ്രവർത്തനങ്ങൾ
- ജനകീയാരോഗ്യകമ്മീഷൻ

# ജൻഡർ

- 1981-ൽ പാലക്കാട് സമ്മേളനം - ജില്ലകളിൽ 5 വനിതാ യൂണിറ്റുകൾ രൂപീകരിക്കാൻ തീരുമാനിച്ചു.
- 1987 ജൂലൈ 24, 25, 26 - വനിതാശിബിരം - വലപ്പാട്
- 1993-ൽ അഖിലേന്ത്യാ സമതാജാഥ
- വനിതാകലാജാഥ
- വനിതാസബ്കമ്മറ്റി - ജൻഡർ കമ്മിറ്റി - സ്ത്രീപദവിപഠനം - പെൺപിറവി വനിതാവർഷാചരണം

# വികസനം

- 1975ൽ ഗ്രാമശാസ്ത്രസമിതി – ഗ്രാമശാസ്ത്രജാഥകൾ – ഗ്രാമശാസ്ത്രമാസിക
- 1978–ൽ കുട്ടനാട് പഠനം
- 1980–ൽ ഗ്രാമശാസ്ത്രം, ഗ്രാമവികസനപതിപ്പ്
- വാഴയൂർ സർവ്വെ
- 1988–ൽ 8–ാം പദ്ധതി ചർച്ചക്കൊരാമുഖം – പുസ്തകം
- 1989 ആഗസ്റ്റ് 17–22 – വികസനജാഥ –
- അധികാരം ജനങ്ങൾക്ക് – 47 ജാഥകൾ, 925 പഞ്ചായത്തുകൾ
- 1604 കേന്ദ്രങ്ങൾ – 700 പ്രവർത്തകർ – 10 ജില്ലകളിൽ തോമസ് ഐസക്കിന്റെ ക്ലാസ്

# വികേന്ദ്രീകൃതാസൂത്രണം

- 1991 – വിഭവ ഭൂപട നിർമാണം
- 1995–ൽ പഞ്ചായത്ത്‌രാജ് ക്ലാസുകൾ – ജാഥകൾ
- പിഎൽഡിപി
- അധികാരവികേന്ദ്രീകരണപ്രവർത്തനങ്ങളിൽ ഇടപെടൽ
- 9–ാം പദ്ധതി ജനകീയപദ്ധതി – ജനകീയാസൂത്രണം

# ജനപക്ഷവികസനത്തിനായ്...

- 2006-ൽ കേരളപഠനം
- ഭൂമി പൊതുസ്വത്ത് ക്യാമ്പയിൻ ഭൂസംരക്ഷണ ജാഥ
- സുസ്ഥിരവികസനം നീർത്തടാധിഷ്ഠിത വികസനം
- വേണം മറ്റൊരു കേരളം - പദയാത്ര
- കേരളവികസനസംഗമങ്ങൾ
- വികസനകോൺഗ്രസ്

# പരിസരം

- 1972ലെ സ്റ്റോക്ക്ഹോം കൺവെൻഷൻ
- 1974-ൽ കൊച്ചിൻ സയൻസ് സൊസൈറ്റി
- ഇന്ത്യയിൽ പരിസ്ഥിതിസംരക്ഷണനിയമം വേണമെന്ന പ്രമേയം
- 74-ൽ ആലുവ-കളമശ്ശേരിമേഖലയിലെ വ്യവസായമലിനീകരണത്തിനെതിരെ
- 77-ൽ കൊല്ലം സമ്മേളനം - ത്രിപരിസ്ഥിതിസിദ്ധാന്തം
- ഭൗതികപരിസ്ഥിതി, സാമൂഹികപരിസ്ഥിതി, സാംസ്കാരികപരിസ്ഥിതി

# പരിസരം

- 77-ൽ സൈലന്റ്‌വാലി
- 78 ഒക്ടോബർ 10ന് പരിഷത്തിന്റെ പ്രമേയം
- കേരളത്തിന്റെ പാരിസ്ഥിതികാവബോധത്തെ മാറ്റിമറിച്ച പ്രവർത്തനം
- 1984 – മുണ്ടേരി വനസംരക്ഷണം
- ചാലിയാർ മലിനീകരണം
- മോത്തി കെമിക്കൽസ്, ആതിരപ്പള്ളി, ....... എൻഡോസൾഫാൻ
- ഗാഡ്ഗിൽ റിപ്പോർട്ട് – പശ്ചിമഘട്ടസംരക്ഷണം
- നിരവധി പ്രശ്നങ്ങൾ – ഓരോ പഞ്ചായത്തിലും ഓരോ പ്രശ്നങ്ങൾ

# ഊർജം

- 1975–ൽ താപനിലയത്തിന്റെ പ്രസക്തി ചൂണ്ടിക്കാണിച്ചു.
- നിരവധി ക്യാമ്പെയിനുകൾ –
- കായംകുളത്തിനുവേണ്ടിയുള്ള ജാഥ
- വൈദ്യുതിരംഗത്തെ പ്രശ്നങ്ങൾ – ഊർജരേഖ
- ആണവനിലയങ്ങൾക്കെതിരെ – ആണവോർജത്തിനെതിരെ
- കൂടംകുളം സമരത്തിന് ഐക്യദാർഢ്യം

# ഗവേഷണം

- നാടിനാവശ്യമുള്ള ഗവേഷണം – പരിഷത്ത് അടുപ്പ് – ചൂടാറാപ്പെട്ടി
- ഗ്രാമീണ അക്കാദമി
- ഐ ആർ ടി സി



- ബാലവേദി
- യുവസമിതി

# പ്രസിദ്ധീകരണങ്ങൾ

- **പരിഷത്തിന്റെ നിലപാട്തറ - ബോധവൽകരണം - ആശയപ്രചാരണം**
- 1966-ൽ **ശാസ്ത്രഗതി**
- 1969-ൽ **ശാസ്ത്രകേരളം**
- 1970-ൽ **യുറീക്ക**
- 1978-ൽ **പരിഷത്ത് വാർത്ത**
- ഗ്രാമശാസ്ത്രസമിതി ബുള്ളറ്റിൻ - **ഗ്രാമശാസ്ത്രം** - (1984-ൽ നിർത്തി)
- 1979-ൽ ബാലശാസ്ത്രം നാലുലക്കങ്ങൾ പ്രസിദ്ധീകരിച്ചു
- പൂസ്തകക്കാഴ്ച്ച
- ലൂക്ക

# പ്രസിദ്ധീകരണങ്ങൾ

- 1972-ൽ STEPS (Scientific, Technical and Educational Co-op Publishing Society)
- 1976-ൽ പരിഷത്ത് നേരിട്ട് പുസ്തകപ്രസിദ്ധീകരണം
- അനേകം പുസ്തങ്ങൾ - പ്രക്ഷോഭപ്രേരകം, വിവരദായകം, ആശയോദ്ദീപകം
- സാമാന്യശാസ്ത്രഗ്രന്ഥങ്ങൾ, ബാലശാസ്ത്രഗ്രന്ഥങ്ങൾ, അക്കാദമികഗ്രന്ഥങ്ങൾ, സഹായകഗ്രന്ഥങ്ങൾ
- ലഘുലേഖകൾ

# ജാഥകൾ :

- 1972-ലെ 3 വാഹനജാഥകൾ
- 1977-ലെ ശാസ്ത്രസാംസ്കാരികജാഥ
- വിദ്യാഭ്യാസം, പരിസ്ഥിതി, വികസനം - നിരവധി ജാഥ കൾ, സ്വാശ്രയജാഥ
- വേണം മറ്റൊരു കേരളം - പദയാത്ര
- 1980 മുതൽ കലാജാഥ
- വനിതാകലാജാഥ, ബാലോത്സവജാഥ - നവോത്ഥാന ജാഥ - പഠനോത്സവജാഥ
- നാടകങ്ങൾ - ഗലീലിയോ, ഗാന്ധി

# ക്ലാസുകൾ

- 1973 – 10000 ക്ലാസുകൾ
- 1976 – പതിനായിരം ക്ലാസുകൾ
- കേരളത്തിലെ സമ്പത്ത്, കേരളത്തിലെ കൃഷി.... അനേകം ക്ലാസുകൾ, സെമിനാറുകൾ

# പരിഷത്ത് ഒരു NGO അല്ല.

- പരിഷത്ത് ഒരു **ജനകീയശാസ്ത്രപ്രസ്ഥാനം**
- ജനങ്ങൾക്കുവേണ്ടിയുള്ളത്, ദരിദ്രവൽകരിക്കപ്പെടുന്നവരോട് പക്ഷപാതം
- ശാസ്ത്രമാണ് ചാലകശക്തി
- സംഘടനാചട്ടക്കൂടിന്റെ കാർക്കശ്യമോ പിടിവാശികളോ ഇല്ല
- ജനാധിപത്യപരവും സുതാര്യമായ പ്രവർത്തനശൈലി

- മുദ്രാവാക്യത്തിന്റെ പ്രസക്തി കൂടിയിരിക്കുന്നു
- പരിഷത്ത് ഇടപെട്ട മേഖലകൾ – കൂടുതൽ കലുഷമാണ്
- ജനവിരുദ്ധആശയങ്ങളും ഇടപെടലുകളും വർധിക്കുക യാണ്
- എല്ലാ തലത്തിലും പരിഷത്തിനെ ഊർജ്ജസ്വലമായ ജന കീയശാസ്ത്രപ്രസ്ഥാനമാക്കി മാറ്റാൻ എന്തു ചെയ്യണം ?